"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്- M/s. മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് നിർമ്മിത സംസ്കരിച്ച റബ്ബർ തടി ഫർണിച്ചർ, ഓഫീസ് ഫർണിച്ചർ ഉത്പന്നങ്ങൾ എന്നിവ ക്വട്ടേഷൻ / ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം നടത്തുന്നതിന് സ്റ്റോർസ് പർച്ചേസ് മാമ്പലിലെ ഖണ്ഡിക 9.23 - ൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ(എ) വകുപ്പ്

സ.ഉ.(സാധാ) നം.131/2025/PPAD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-
1. 27.04.2016-ലെ സ.ഉ. (സാധാ) നം. 24/2016/SPD.
2. 28.10.2024-ലെ സ.ഉ. (സാധാ) നം. 119/2024/SPD.
3. മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 09.09.2025-ലെ കത്ത്

**ഉത്തരവ്**

മീനച്ചിൽ റബ്ബർ വുഡ് ലിമിറ്റഡ് നിർമ്മിക്കുന്ന സംസ്കരിച്ച റബ്ബർ തടിയിലുള്ള നിശ്ചിത ഇനം ഫർണിച്ചർ ഉത്പന്നങ്ങൾക്ക് വില നിർണ്ണയം നടത്തി സ്റ്റോർസ് പർച്ചേസ് മാമ്പലിലെ ഖണ്ഡിക 9.23-ൽ ഒരു വർഷക്കാലയളവിലേക്ക് ഇളവ് നൽകി, സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടി കൂടാതെ വിപണനം നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് ടി സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത ഇളവ് കാലാവധി യഥാസമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇപ്രകാരം പരാമർശം (2) പ്രകാരം ടെണ്ടർ ഇളവ് കാലയളവ് ദീർഘിപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 27.10.2024-ന് അവസാനിച്ചിരുന്നു. പ്രസ്തുത ആനുകൂല്യം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) ലെ കത്ത് മുഖേന മീനച്ചിൽ റബ്ബർ വുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം വിലനിർണ്ണയം നടത്തിയ സംസ്കരിച്ച റബ്ബർ തടിയിലുള്ള മീനച്ചിൽ റബ്ബർ വുഡ് ലിമിറ്റഡ് നിർമ്മിത നിശ്ചിത ഇനം ഫർണിച്ചർ ഉത്പന്നങ്ങൾ അതേ വിലയിൽ കവിയാതെ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടി കൂടാതെ നേരിട്ട് വിപണനം നടത്തുന്നതിന്, ഉത്തരവ് തീയതി മുതൽ **ഒരു വർഷത്തേക്ക് മാത്രം** സ്റ്റോർസ് പർച്ചേസ് മാമ്പലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി

ഇളവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങളുടെ വിപണനത്തിന് സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള മാനദണ്ഡങ്ങൾ അവലംബിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

എല്ലാ വകുപ്പ തലവന്മാർ/ഓഫീസുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരളം, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമപഞ്ചായത്തുകളെയും അറിയിക്കുന്നതിന്.
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ കൊല്ലം /എറണാകുളം / കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ്, മെട്രോവുഡ് ഫാക്ടറി, അടിവാരം . പി.ഒ., പെരിങ്ങളം, പൂഞ്ഞാർ, കോട്ടയം - 686 582.
സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, സ്റ്റാച് യൂ തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വിവര പൊതുജന സമ്പർക്ക വകുപ്പ്) തിരുവനന്തപുരം (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ചേർക്കുന്നതിന്).
വ്യവസായ (ജി) വകുപ്പ് (ഫയൽ നം. IND-G2/231/2025-IND).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ